# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021ഫെബ്രുവരി 22

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ പത്താം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് 19 മുതൽ നടക്കും. പിഴയില്ലാതെ ഫെബ്രുവരി 25 വരെയും 525 രൂപ പിഴയോടെ ഫെബ്രുവരി 26 വരെയും 1050 രൂപ സൂപ്പർഫൈനോടെ മാർച്ച് ഒന്നുവരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/282/2021)

## പ്രാക്ടിക്കൽ

ഒന്നും നാലും വർഷ ബി.എഫ്.എ. മാർച്ച് 2021 പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് ഒന്നുമുതൽ 26 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും.

(പി.ആർ.ഒ/39/282/2021)

## മഹാത്മാഗാന്ധി സർവകലാശാലയിൽ എം.ടെക് പ്രവേശനം

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിന്റെ കീഴിൽ എനർജി സയൻസിൽ എംടെക് ബിരുദ പ്രോഗ്രാം ആരംഭിക്കുന്നു. ഫെബ്രുവരി 28ന് പ്രവേശനനടപടികൾ അവസാനിക്കും. മാർച്ച് ആദ്യവാരം മുതൽ ക്ലാസുകൾ ആരംഭിക്കും. പ്രാരംഭഘട്ടത്തിൽ 12 വിദ്യാർത്ഥികൾക്കാണ് പ്രവേശനം നൽകുക. ആകെ സീറ്റുകളിൽ 2 എണ്ണം വിദേശവിദ്യാർത്ഥികൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുണ്ട്. ഭാവിയിൽ സീറ്റുകളുടെ എണ്ണം വർധിപ്പിക്കുന്നതുൾപ്പടെയുള്ള കാര്യങ്ങളും പരിഗണനയിലുണ്ട്. സുസ്ഥിര ഊർജശ്ശാസ്ത്രത്തിൽ വിദ്യാർത്ഥികളുടെ കഴിവ് വർധിപ്പിക്കുക എന്നതാണ് ഈ കോഴ്സിന്റെ പ്രധാനലക്ഷ്യം. വിദ്യാർത്ഥികൾക്ക് ഗവേഷണത്തിനായി അന്താരാഷ്ട്രലാബുകൾ ഉപയോഗിക്കുന്നതുൾപ്പടെയുള്ള സൗകര്യങ്ങൾ സർവകലാശാല ഒരുക്കുന്നു. കൂടുതൽവിവരങ്ങൾക്ക് cat.mgu.ac.in എന്നവെബ്സൈറ്റ്സന്ദർശിക്കുകയോ 0481 - 2733595 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക. E mail id: cat@mgu.ac.in

(പി.ആർ.ഒ/39/282/2021)

## ബി.കോം പ്രൈവറ്റ് ഹാൾടിക്കറ്റ് വിതരണം

ഫെബ്രുവരി 25ന് ആരംഭിക്കുന്ന ഒന്ന്, രണ്ട് സെമസ്റ്റർ ബി.കോം. പ്രൈവറ്റ് സി.ബി.സി.എസ്. പരീക്ഷകളുടെ ഹാൾടിക്കറ്റുകൾ (സപ്ലിമെന്ററി, 2017, 2018 അഡ്മിഷൻ) ഇന്ന് (ഫെബ്രുവരി 23) മുതൽ മുഖ്യ പരീക്ഷകേന്ദ്രങ്ങളിൽ നിന്നും വിതരണം ചെയ്യും. പരീക്ഷകേന്ദ്രങ്ങളുടെ ക്രമീകരണങ്ങൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

(പി.ആർ.ഒ/39/282/2021)

## പരീക്ഷഫലം

2021 ജനുവരിയിൽ സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ഫിൽ (2019-2020 ബാച്ച് - എൻവയൺമെന്റ് മാനേജ്മെന്റ് - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/282/2021)

**നജീബ്എം.**

പബ്ലിക്റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)